STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.315/PR/SPMC/PHQ/2026 Date:27.07.2026

# പത്രക്കുറിപ്പ്

## പ്രോജക്ട് സീറോ:

## വിജിലൻസ് കമാൻഡോസ് ഇനിഷ്യേറ്റീവ് ഉദ്ഘാടനം ജൂലൈ 29 ന്

അഴിമതിക്കെതിരെ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രോജക്ട് സീറോ പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിജിലൻസ് കമാൻഡോ ഇനിഷ്യേറ്റീവ് എന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ജൂലൈ 29 ന് നിർവ്വഹിക്കും.

അഴിമതി രഹിതവും സുതാര്യവുമായ ഒരു കേരളത്തെ വാർത്തെടുക്കാനുള്ള സർക്കാരിന്റെ നവീന പദ്ധതിയാണ് പ്രോജക്റ്റ് സീറോ.

യുവജനങ്ങളെ അഴിമതിക്കെതിരായി പോരാടുന്ന അംബാസിഡർമാരായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 'വിജിലൻസ് കമാൻഡോസ്' ബാഡ്ജുകളുടെ വിതരണവും അദ്ദേഹം നിർവ്വഹിക്കും. ശ്രീകാര്യം ലൊയോള സ്കൂളിൽ രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ ആരോഗ്യം, ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കും. കഴക്കൂട്ടം എം.എൽ.എ വി. മുരളീധരൻ മുഖ്യപ്രഭാഷണം നടത്തും.

സുപ്രസിദ്ധ ചലച്ചിത്രതാരം നിവിൻ പോളി അഴിമതിക്കെതിരായ പ്രതിജ്ഞ യുവാക്കൾക്ക് ചൊല്ലിക്കൊടുക്കും. കേരള ഗവർണറുടെ സെക്രട്ടറി ഡോ. കെ വാസുകി മുഖ്യാതിഥിയാകും.

ഡി.ജി.പി യും വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുമായ മനോജ് എബ്രഹാം പദ്ധതി വിശദീകരണം നടത്തും.

ലൊയോള ഇൻസ്റ്റിറ്റ്യൂഷൻ മനേജർ ഫാ. സണ്ണി കുന്നപ്പള്ളിൽ എസ്.ജെ, ലൊയോള സ്കൂൾ ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. ഡോ. സാൽവിൻ അഗസ്റ്റിൻ എസ്.ജെ, ലൊയോള കോളേജ് പ്രിൻസിപ്പൽ ഡോ. പ്രകാശ് പിള്ളൈ, ലൊയോള സി.ബി.എസ്.ഇ സ്കൂൾ പ്രിൻസിപ്പൽ ഫാ. റംലറ്റ് തോമസ് എസ്.ജെ എന്നിവർ ആശംസകളർപ്പിക്കും.

ചടങ്ങിന് വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ ഐ.ജി.പിയുടെ ചുമതല വഹിക്കുന്ന ഡി.ഐ.ജി തോംസൺ ജോസ് സ്വാഗതവും വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ആസ്ഥാനത്തെ എസ്.പി എസ്.ആർ ജ്യോതിഷ് കുമാർ നന്ദിയും പറയും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************************